TB Movie Club Weekly Review **#MovieClub**

ഓഫീസർ ഓൺ ഡ്യൂട്ടി

എഴുതിയത് : **Arjun Anand**

ഷാഹി കബീർ തന്റെ രചനയിൽ കൊണ്ടുവരുന്ന തീവ്രതയും വൈകാരികമായ ആഴവും വളരെയധികം വിസ്മയത്തോടെയും കൗതുകത്തോടെയും ആരാധനയോടെയും വീക്ഷിക്കുന്ന ഒരാളാണ് ഞാൻ. ജോസഫിൽ നിന്ന് തുടങ്ങി, ഇപ്പോൾ അദ്ദേഹത്തിന്റെ നാലാമത്തെ പോലീസ് കഥയിലൂടെ, മനുഷ്യ വികാരങ്ങളുടെയും സങ്കീർണ്ണമായ സാഹചര്യങ്ങളുടെയും കലർപ്പില്ലാത്ത ചിത്രീകരണത്തിലൂടെ അദ്ദേഹത്തിന്റെ ആഖ്യാനങ്ങൾ പ്രേക്ഷകരെ ആകർഷിക്കുന്നത് തുടരുന്നു എന്ന് തന്നെ പറയാം..

അദ്ദേഹത്തിന്റെ ഏറ്റവും പുതിയ സംരംഭം, ഓഫീസർ ഓൺ ഡ്യൂട്ടി, തീവ്രമായ ഒരു ക്രൈം ഡ്രാമ രൂപപ്പെടുത്തുന്നതിൽ ഗംഭീരമായി വിജയിക്കുന്നു. നമ്മൾ മുമ്പ് സ്ക്രീനിൽ കണ്ട പരിചിതമായ സാഹചര്യങ്ങളിലൂടെ സിനിമ സഞ്ചരിക്കുന്നുണ്ടെങ്കിലും, ശക്തമായ തിരക്കഥയിൽ സ്നേഹവും, കരുതലും , ഉത്കണ്ഠയും , പരുഷതയും , ആകാംക്ഷയും,പകയും, പ്രതികാരവുമെല്ലാം കൃത്യമായി സമന്വയിപ്പിച്ചു ചെറിയ ട്വിസ്റ്റുകളുമായി ത്രില്ലിങ് ആയിട്ടുള്ള അവതരണം കൊണ്ട് ആ പ്രവചനീതയെ മറികടക്കാനാവുന്നുണ്ട്.

ഡിവൈഎസ്പി റാങ്കിൽ നിന്ന് തരംതാഴ്ത്തപെട്ട, നിലവിൽ ISHO ആയ ഹരിശങ്കറിനെ പരിചയപ്പെടുത്തിയത്തിന്റെ തൊട്ടടുത്ത നിമിഷം മുതൽ ചിത്രം ടോപ് ഗിയറിലേക്ക് മാറുന്നുണ്ട്.. ഓരോ നിമിഷവും ടെൻഷൻ ബിൽഡ് ചെയ്തു പ്രേക്ഷകന്റെ ഹൃദയമിടിപ്പ് കൂട്ടിക്കൊണ്ട് പിരിമുറുക്കം സൃഷ്ടിച്ചുകൊണ്ട് അവസാനം വരെ സീറ്റിന്റെ തുമ്പത്തു ഇരുത്തുന്നുണ്ട് .

അതി ഗംഭീര പ്രകടനമാണ് കുഞ്ചാക്കോ ബോബന്റേത്. അദ്ദേഹത്തിന് ഇത്രയും ഹൈ വോൾട്ടേജ് റോളിന്റെ ഭാരം വഹിക്കാൻ കഴിയുമോ എന്ന് ഒരു ഞൊടി നമ്മൾ ചിന്തിച്ചേക്കാം, എന്നാൽ പ്രകടനമികവ് കൊണ്ട് നമ്മൾ അറിയാതെ തന്നെ കുഞ്ചാക്കോ ബോബനെ കാണുന്നത് നിർത്തി ഹരിശങ്കറായി സ്വീകരിക്കാൻ തുടങ്ങുമ്പോൾ ആ സംശയങ്ങൾ പെട്ടെന്ന് മങ്ങുന്നുണ്ട്.

ഗൗരവമേറിയ വേഷങ്ങൾ കൈകാര്യം ചെയ്യാൻ തനിക്ക് കഴിവില്ലെന്ന് ഒരിക്കൽ അവകാശപ്പെട്ടിരുന്ന എല്ലാ വിമർശനങ്ങളുടെയും പരിഹാസങ്ങളുടെയും ശവപ്പെട്ടിയിലെ അവസാന ആണി അടിച്ചുകൊണ്ട് കുഞ്ചാക്കോ ബോബൻ ഗംഭീര പ്രകടനമാണ് കാഴ്ചവെച്ചത്. സ്നേഹം, പരിചരണം, സ്വഭാവം,ഉത്കണ്ഠ, പ്രതികാരം, പക, വിഷാദം, മുൻകോപം തുടങ്ങി ഹരിശങ്കരിന്റെ സകല വികാര വിചാരങ്ങളും വളരെ തീവ്രതയോടുകൂടി തന്നെ അനായാസമായി അവതരിപ്പിക്കുണ്ട്.രണ്ട്

പതിറ്റാണ്ടിലേറെയായി ചലച്ചിത്രമേഖലയിൽ അദ്ദേഹം നേടിയ അനുഭവവും പക്വതയും ആവാഹിച്ചുകൊണ്ടുള്ള സൂക്ഷ്മമായ പ്രകടനം അദ്ദേഹത്തിന്റെ സിനിമ ജീവിതത്തിലെ ഇതുവരെ കണ്ടതിൽ ഏറ്റവും മികച്ചതാക്കിയിട്ടുണ്ട്.

അതുപോലെ എടുത്തു പറയേണ്ടതാണ് ആദ്യമായി സംവിധായകൻ ആകുന്ന ജിത്തു അഷ്റഫിന്റെ പേരും. ആക്ഷൻ ഹീറോ ബിജു, നായാട്ട്, ഇലവീഴ പൂഞ്ചിറ, ഇരട്ട തുടങ്ങിയ പ്രശസ്ത ചിത്രങ്ങളിൽ അസോസിയേറ്റ് ഡയറക്ടറായും അസിസ്റ്റന്റ് ഡയറക്ടറായും ക്രിയേറ്റീവ് ഡയറക്ടറായും നടനായും ഒക്കെ പ്രവർത്തിച്ചിട്ടുള്ള ജിത്തു ഈ ചിത്രത്തിലൂടെ മലയാള സിനിമയിലെ മികച്ച സംവിധായകരിൽ തന്റെ സ്ഥാനം ഉറപ്പിച്ചിരിക്കുകയാണ്.

ജഗദീഷും ഉണ്ണി ലാലുവും, പ്രിയമണിയും ഒക്കെ മികച്ച പ്രകടങ്ങളുമായി കുഞ്ചാക്കോ ബോബന്റെ ഒപ്പം ഉണ്ട്..ക്രൂരന്മാരായ വില്ലന്മാരും വില്ലത്തികളും ആയി വിശാഖ് നായരുടെ നേതൃത്തിൽ എത്തിയ ഐവർ സംഘവും അതിഗംഭീര പ്രകടനമാണ്..

ചുരുക്കത്തിൽ ഓഫീസർ ഓൺ ഡ്യൂട്ടി, ഷാഹി കബീറിന്റെ മാസ്മരികമായ എഴുത്തുകൊണ്ടും , നടീ നടന്മാരുടെ വ്യത്യസ്തമായ അതിഗംഭീര പ്രകടനങ്ങൾ കൊണ്ടും വൈകാരികമായി നമ്മളെ കഥയിലേയ്ക്ക് ഇഴുകിച്ചേർക്കുന്ന തീവ്രമായ അനുഭവം ആണ് . വ്യത്യസ്തമായ ക്രൈം ഡ്രാമകൾ ഇഷ്ടപ്പെടുന്നവർ തീർച്ചയായും കണ്ടിരിക്കേണ്ട ഒന്ന്!

NB: സിനിമ ചർച്ച ചെയ്യുന്ന വിഷയത്തിന്റെ പ്രത്യേകത കൊണ്ടും ലഹരി പദാർത്ഥങ്ങളുടെ ഉപയോഗം വളരെ വ്യക്തമായി വിശദമായി പല പ്രാവശ്യം കാണിക്കുന്നത് കൊണ്ടും ഉടനീളം വയലൻസ് ഉള്ളതുകൊണ്ടും കൊച്ചു കുട്ടികളുമായി പോകുന്നത് കഴിവതും ഒഴിവാക്കിയാൽ നന്ന്..